# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.904 12.12.2012-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജപ്പാൻ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും അനുമതികളും നൽകുന്നതിനും ചീഫ് സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മറ്റി നിലവിലുണ്ട്. ഈ കമ്മിറ്റി പദ്ധതിയുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. കൂടാതെ ചീഫ് എഞ്ചിനിയർ എല്ലാ മാസവും റിവ്യൂ മീറ്റിംഗുകൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു. ഇതിനു പുറമേ മാനേജിംഗ് ഡയറക്ടറും അതോറിറ്റി ചെയർമാനും റിവ്യൂ മീറ്റിംഗുകൾ നടത്തി നിർദ്ദേശങ്ങൾ നൽകാറുണ്ട്. ജല വിഭവ വകുപ്പ് മന്ത്രിയും പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകി വരുന്നു. |
| (ബി) കുടിവെള്ളക്ഷാമം രൂക്ഷമായ മറ്റ് മേഖലകളിലും ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തൊക്കെ ടപടികൾ സ്വീക രിക്കുമെന്ന് വ്യക്ത മാക്കുമോ; | (ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട ജലവിതരണ ശൃംഖലകളുടെ പണികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി വഴി എത്തിക്കുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ജപ്പാൻ കുടിവെള്ള പദ്ധതി വഴി എത്തിക്കുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ ഓരോ പദ്ധതിയുടെ കീഴിലും ജലഗുണനിലവാര ലബോറട്ടറികൾ ഉണ്ട്.വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷമാണ് ജല വിതരണം നടത്തുന്നത്. കൂടാതെ ട്രാൻസ്മിഷൻ മെയിനിലും ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് റീക്ലോറിനേഷൻ സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ